# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## പാപമോചനത്തിനായുള്ള പ്രാർത്ഥന-Forgiveness




പാപമോചനത്തിനായുള്ള പ്രാർത്ഥന

എന്റെ സ്വർഗീയപിതാവേ, ഇന്നുവരെ ഞാൻ ചെയ്തുപോയ എല്ലാ പാപങ്ങളെയും അങ്ങയുടെ സന്നിധിയിൽ വരുത്തിയ കുറ്റകരമായ വീഴ്ചകളെയും ഓർത്ത് പൂർണ്ണ ഹൃദയത്തോടെ ഞാൻ അനുതപിക്കുന്നു. പാപവും, പാപവഴികളും ഞാൻ വെറുത്ത് ഉപേക്ഷിക്കുന്നു. യേശുവിനെ എന്റെ കർത്താവും രക്ഷകനുമായി ഞാൻ സ്വീകരിക്കുന്നു. എന്റെ പിതാവേ, അവിടുത്തെ തിരുക്കുമാരന്റെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിച്ച് അവിടത്തെ അരൂപിയാൽ നിറയ്ക്കണമേ. ആമ്മേൻ. (കുമ്പസാരത്തിനുമുൻപ് ആവർത്തിച്ച് ചൊല്ലി പ്രാർത്ഥിക്കുക)

### തിരുവചനം

കാർമേഘംപോലെ നിന്റെ തിൻമകളെയും മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞാൻ തുടച്ചുനീക്കി.എന്നിലേക്കു തിരിച്ചുവരിക; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു (ഏശയ്യ 44:22)

അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്ന് അവിടുന്നു നമ്മെ വിമോചിപ്പിച്ചു. അവിടുത്തെ പ്രിയപുത്രന്റെ രാജ്യത്തിലേക്കു നമ്മെ ആനയിക്കുകയും ചെയ്തു.അവനിലാണല്ലോ നമുക്കു രക്ഷയും പാപമോചനവും ലഭിച്ചിരിക്കുന്നത് (കൊളോസോസ് 1:13-14).

+++